(ബി) മലബാർ മേഖലയിൽ നിയമപഠനത്തിന് സായാഹ്ന ബിരുദ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(സി) പരിശോധിക്കാവുന്നതാണ്.

അംഗീകൃത ഡിപ്ലോമ കോഴ്സ് എന്ന് പരസ്യം ചെയ്ത് വിദ്യാർത്ഥികളെ കബളിപ്പിക്കുന്നതിനെതിരെ നടപടി

125 (7093) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെയോ എ. ഐ. സി. ടി. ഇ.-യുടെയോ അംഗീകാരമില്ലാതെ, അംഗീകൃത ഡിപ്ലോമാ കോഴ്സുകൾ എന്ന് പരസ്യം ചെയ്ത് വിദ്യാർത്ഥികളെ കബളിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനെതിരെ വിദ്യാർത്ഥികൾക്ക് മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ കേരള സർക്കാർ അംഗീകൃത പോളിടെക്നിക്കുകളുടെയും കോഴ്സുകളുടെയും വിശദവിവരങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

പിണറായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടം പണി

126 (7095) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിണറായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടം പണിയുടെ തടസ്സം നീക്കിക്കിട്ടുന്നതിന് വകുപ്പുമന്ത്രി മുൻകൈ എടുത്ത് ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly